**234**

**Reg. No. : ....................................**

**Name : ........................................**

## SECOND YEAR HIGHER SECONDARY
## MODEL EXAMINATION, FEBRUARY – 2024

Part – III

Time : 2½ Hours

# HISTORY

Cool-off time : 15 Minutes

Maximum : 80 Scores

**(Map Accompanied)**

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1. 'A' കോളത്തിന് അനുയോജ്യമായവ 'B' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക.

(4 × 1 = 4)

| 'A' | 'B' |
|---|---|
| റാണിലക്ഷ്മിഭായ് | ഡൽഹി |
| കൻവർസിങ്ങ് | ഝാൻസി |
| ബഹാദൂർഷാ II | കാൺപൂർ |
| നാനാ സാഹിബ് | ആറ (ബീഹാർ) |

**2 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

2. കേരളത്തിലെ പെരുമാൾമാരുടെ തലസ്ഥാനം ഏതായിരുന്നു ?

(a) മഹോദയപുരം (b) കൊച്ചി

(c) ഏഴിമല (d) കോഴിക്കോട്

3. ആധുനിക തിരുവിതാംകൂറിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?

(a) വേലുതമ്പി ദളവ (b) ശക്തൻ തമ്പുരാൻ

(c) മാർത്താണ്ഡ വർമ്മ (d) പഴശ്ശി രാജ

4. ഉലത്ബൻസി ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(a) കബീർ (b) മീരാബായ്

(c) ഗുരുനാനാക്ക് (d) ബസവണ്ണ

5. ഇന്ത്യയിലെ ചിഷ്തി സിൽസിലയുടെ സ്ഥാപകൻ ആരായിരുന്നു ?

(a) ഷേക്ക് നിസാമുദ്ദീൻ (b) മുഹമ്മദ് ബിൻ തുഗ്ലക്ക്

(c) ഖ്വാജാ മുയീനുദ്ദീൻ (d) നാസിറുദ്ദീൻ ചിരാഗ് ഇ.ഡൽഹി

6. ചുവടെ നൽകിയിരിക്കുന്നതിൽ തമിഴ്‌വേദം എന്നറിയപെടുന്നത് ഏത് ?

(a) നാലായിര ദിവ്യ പ്രബന്ധം (b) പത്മാവത്

(c) മൂഷക വംശകാവ്യം (d) ആദിഗ്രന്ഥ് സാഹിബ്

7. ദർഗയിലേക്കുള്ള തീർത്ഥാടനം അറിയപ്പെടുന്നത് :

(a) ഖവാലി (b) സിയാറത്ത്

(c) സിക്ർ (d) സാമ

8. ചുവടെ കൊടുത്തിട്ടുള്ളവയെ കാലഗണനയ്ക്കനുസരിച്ച് എഴുതുക. (4 × 1 = 4)

- ക്ഷേത്രപ്രവേശന വിളംബരം
- കുണ്ടറ വിളംബരം
- ഗുരുവായൂർ സത്യഗ്രഹം
- വൈക്കം സത്യഗ്രഹം

9. തന്നിട്ടുള്ള പ്രാചീന ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തുക. (4 × 1 = 4)

- ബോധ്ഗയ
- സാരാനാഥ്
- ലുംബിനി
- കുശിനഗരം

**10 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(8 × 2 = 16)**

10. തമിഴ് ഭക്തി പ്രസ്ഥാനത്തിലെ രണ്ട് പ്രശസ്ത വനിതകളുടെ പേരെഴുതുക.

11. ജമ, ഹാസിൽ എന്നിവ നിർവചിക്കുക.

12. എന്താണ് ജിൻസ്-ഇ-കാമിൽ ? ഒരു ഉദാഹരണം എഴുതുക.

13. ജോട്ടേദാർമാരെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

14. സാന്താൾ കലാപത്തിന്റെ രണ്ട് കാരണങ്ങൾ എഴുതുക.

15. 1857 ലെ കലാപവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് കിംവദന്തികൾ എഴുതുക.

16. എന്തുകൊണ്ടാണ് ബ്രിട്ടീഷുകാർ അവധ് കീഴ്പ്പെടുത്താൻ ആഗ്രഹിച്ചത് ?

17. 'കച്ചം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

18. മഹായാന ബുദ്ധമതത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ പട്ടികപ്പെടുത്തുക.

**19 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

19. ഹാരപ്പൻ സംസ്കാരത്തിന്റെ അധഃപ്പതനത്തിനുള്ള ഏതെങ്കിലും മൂന്ന് കാരണങ്ങൾ എഴുതുക.

20. അക്ബർ നാമയെ സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

21. ഇന്ത്യയിലെ ഗാന്ധിയുടെ ആദ്യകാല സത്യഗ്രഹങ്ങൾ ഏതെല്ലാമായിരുന്നു ?

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

22. ലിഖിത തെളിവുകളുടെ പരിമിതികൾ എന്തെല്ലാം ?

23. പുരാതന ഇന്ത്യയിലെ 'വർണ്ണ' സമ്പ്രദായത്തെ കുറിച്ച് വിവരിക്കുക.

24. വിജയ നഗര സാമ്രാജ്യത്തിലെ അമരനായക സംവിധാനത്തെക്കുറിച്ച് വിശദീകരിക്കുക.

25. 1857 ൽ ശിപായിമാർ എന്തുകൊണ്ടാണ് ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തിയത് ?

26. 'പ്രത്യക്ഷ സമര ദിനത്തെ' കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**(2 × 5 = 10)**

27. കരകൗശലവസ്തുക്കൾ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിക്കുന്നതിന് ഹരപ്പൻമാർ ഉപയോഗിച്ച തന്ത്രങ്ങൾ വിശദീകരിക്കുക.

28. ബി.സി.ഇ. ആറാം നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ മഹാജനപദമായി വളരാൻ മഗധയെ സഹായിച്ച ഘടകങ്ങൾ ഏതെല്ലാം ?

29. ദിനവൃത്താന്തങ്ങളുടെ നിർമാണം വിശദീകരിക്കുക.

**30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.**

**(2 × 8 = 16)**

30. ചുവടെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഹാരപ്പൻ നഗരാസൂത്രണത്തിന്റെ സവിശേഷതകളെ കുറിച്ച് ഉപന്യാസം തയ്യാറാക്കുക :
    - കോട്ട, കീഴ്പട്ടണം
    - അഴുക്ക് ചാൽപദ്ധതി
    - വലിയ കുളം
    - ഗാർഹിക വാസ്തുവിദ്യ

31. അൽബിറൂനിയുടെ യാത്രാ വിവരണങ്ങളെ വിശകലനം ചെയ്യുക.
    പരിഗണിക്കേണ്ട മേഖലകൾ :
    - കിതാബ്-ഉൾ-ഹിന്ദ്
    - പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നു.
    - ജാതി വ്യവസ്ഥയെ കുറിച്ചുള്ള വിവരണം.

32. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന പ്രധാനപ്പെട്ട സ്വാതന്ത്ര്യ സമര മുന്നേറ്റങ്ങളെ കുറിച്ച് വിവരിക്കുക :
    പരിഗണിക്കേണ്ട മേഖലകൾ
    - നിസ്സഹകരണ പ്രസ്ഥാനം
    - ഉപ്പ് സത്യാഗ്രഹം

---

For Question No. 9

# Map of Ancient India



Cut Here ---------- Cut Here ---------- Cut Here ---------- Cut Here ----------